# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭ ചോദ്യം നം: 7794

15/07/2014 ൽ
മറുപടിക്ക്

### ആധുനിക തിയേറ്റർ സമുച്ചയ നിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഹൈബി ഈഡൻ<br>„ അൻവർ സാദത്ത്<br>„ പി. സി. വിഷ്ണുനാഥ്<br>„ വി.ഡി. സതീശൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) | ചെറുതും വലുതുമായി ആധുനിക തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഭൂമി പാട്ടത്തിനു നല്കുന്ന പ്രദേശങ്ങളിൽ ആധുനിക തീയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി യുടെ പരിഗണനയിലുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്; വിശദമാക്കുമോ ; | (ബി) | നിലവാരമുള്ള സിനിമാസ്വാദന സംസ്കാരം സാധാരണക്കാരിൽ വളർത്തിയെടുക്കുകയാണ് ഇതിന്റെ ഉദ്ദേശം. ഒന്നോ അതിലധികമോ സ്ക്രീനുകളുള്ള തിയേറ്ററുകളിൽ ടിക്കറ്റ് വരുമാനത്തിന് പുറമേ പരസ്യ, കാന്റീൻ ഇനങ്ങളിലും വരുമാനം ലഭ്യമാകും. വിനോദ നികുതിയിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അധിക വരുമാനം ലഭ്യമാകും. കെ.എസ്.എഫ്.ഡി.സി യുടെ 11 തിയേറ്ററുകളിൽ സിനിമകൾ ചാർട്ടുചെയ്യുന്നതുപോലെ ടി തിയേറ്ററുകളിലും സിനിമകൾ ചാർട്ട് ചെയ്യും. ഇത്തരത്തിൽ തിയേറ്ററുകൾ സ്ഥാപിക്കപ്പെടുന്നതോടെ സംസ്ഥാനത്ത് സിനിമാ പ്രദർശനത്തിൽ സർക്കാരിന് മേധാവിത്തം കൈവരിക്കാനാകുകയും ഗുണനിലവാരമുള്ള സിനിമാ ആസ്വാദനം കുറഞ്ഞ ചെലവിൽ സാധാരണക്കാർക്കും പ്രാപ്യമാകുകയും ചെയ്യും. |
| (സി) | ആരുടെയെല്ലാം പങ്കാളിത്തത്തിലാണ് ഇതിന്റെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നത് വിശദമാക്കുമോ ; | (സി) യും | ആവശ്യമായ ഭൂമി പാട്ടത്തിനു നല്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനം, കെ.എസ്.എഫ്.ഡി.സി. എന്നിവരുടെ പങ്കാളിത്തത്തിലാണ് ഇതിന്റെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നത്. ഈ പദ്ധതിയിൽ താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. നാളിതുവരെ 5 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. പദ്ധതിക്കായി സമർപ്പിച്ചിരിക്കുന്ന പ്രപ്പോസൽ പരിശോധിച്ചു വരുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട് വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) യും | |

സെക്ഷൻ ഓഫീസർ